# വിശുദ്ധരായ ഗൗരിയോയും ശമൂനോയും

## Sts. Gaurio and Shamoona (AD 306)

**വാ**ർദ്ധക്യം ദൈവത്തിനു പ്രിയങ്കരമായ രീതിയിൽ ചിലവഴിക്കുക എന്നത് ഭാഗ്യകരമായ ഒരവസ്ഥയാണ്. അപ്പോൾ വാർദ്ധക്യത്തെ രക്തസാക്ഷിത്വത്തിന്റെ മഹത്വത്തിലൂടെ കടത്തിവിട്ട് ദൈവകൃപ അനുഭവവേദ്യമാക്കുക എന്നത് അത്ര ഭാഗ്യകരമായ അവസ്ഥയാണെന്ന് ചിന്തിക്കാം.

വിശുദ്ധ സഭ കടന്നുപോയ ഏറ്റവും പ്രയാസമേറിയ കാലഘട്ടമായിരുന്നു നാലാം നൂറ്റാണ്ടിന്റെ ആദ്യപാദം. എ.ഡി. 313ലെ മിലാൻ വിളംബരം വരെ അതി കഠിനമായ പീഢനങ്ങളിലൂടെയാണ് സഭ കടന്നുപോയത്. രക്തസാക്ഷികളുടെ നീണ്ട നിര തന്നെ ആ കാലയളവിൽ നമുക്ക് കാണുവാൻ സാധിക്കും.

എഡേസ്സായിലെ ഭരണാധികാരിയായ അന്തുനിയോസിന്റെ കാലത്ത് പേർഷ്യൻ സാമ്രാജ്യത്തിനോടടുത്തുള്ള എഡേസ്സൻ പ്രദേശങ്ങളിൽ ധാരാളം വിശുദ്ധർ രക്തസാക്ഷികളായി. അവരിൽ പ്രധാനപ്പെട്ട രണ്ടു വിശുദ്ധരായിരുന്നു വൃദ്ധരായ മോർ ഗൗരിയോയും, മോർ ശമൂനോയും. ബാല്യം മുതലേ ദൈവ ശക്തിയാൽ ആകൃഷ്ടരായ ഈ വിശുദ്ധർ പിന്നീട് കർത്താവിനെ പ്രതി സന്യാസവൃതം സ്വീകരിച്ചു. ദാരിദ്രത്തിലൂടേയും, സഹനത്തിലൂടേയും ക്രിസ്തുമാർഗ്ഗത്തിൽ ചരിക്കുക എന്നത് ജീവിത ചര്യയായി അവർ സ്വീകരിച്ചു. വിശുദ്ധരായ അവരുടെ ജീവിതം അനേകർക്ക് മാതൃകയും, ലക്ഷ്യബോധവും നൽകി. അവരുടെ പ്രസിദ്ധി ഉറഹ (എഡേസ്സ) മുഴുവനും വ്യാപിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ മാർഗ്ഗങ്ങളെ തച്ചുടക്കുവാൻ ദൃഢപ്രതിജ്ഞയെടുത്ത ഭരണാധികാരികൾ തങ്ങളുടെ പ്രവിശ്യ മുഴുവൻ പീഢനങ്ങൾ അഴിച്ചുവിട്ട സമയമായിരുന്നു അത്. ഉറഹായിലെ ഭരണാധികാരിയായ അന്തുനിയോസ് വിശുദ്ധരായ ഗൗറിയൊായേയും, ശമൂനോയേയും രാജസന്നിധിയിൽ ഹാജരാക്കാൻ കൽപിച്ചു. അതനുസരിച്ച് ഈ വിശുദ്ധന്മാരെ ഭരണാധിപന്റെ സന്നിധിയിൽ ഹാജരാക്കി. ഭരണാധിപൻ പതിവു പ്രലോഭനങ്ങൾ നടത്തി, പക്ഷേ ആ ശ്രമങ്ങൾ പരാജയപ്പെട്ടു.

തന്റെ കുടിലതന്ത്രങ്ങളിൽ വിശുദ്ധൻ അകപ്പെടുന്നില്ലെന്ന് കണ്ടപ്പോൾ ഭരണാധികാരി കോപം കൊണ്ട് ജ്വലിച്ചു. വൃദ്ധരായ ഈ പിതാക്കന്മാരെ ഉയരമുള്ള ഒരു തൂണിൽ കെട്ടിതൂക്കിയിടുവാൻ കൽപനയായി. രണ്ടു കരങ്ങളും മുകളിലേക്ക് പിടിച്ചുകെട്ടി ഈ വിശുദ്ധരെ കെട്ടി തൂക്കി. തുടർന്ന് ഭാരമുള്ള കല്ലുകൾ കൂട്ടിക്കെട്ടി അവരുടെ കാലുകളിൽ ബന്ധിച്ചു. ഭാരത്താൽ കീഴോട്ട് വലിയപ്പെടുന്ന സ്ഥിതിയിൽ ഏകദേശം അഞ്ചു മണികൂറുകളോളം അവരെ ഈ വിധം പീഢിപ്പിച്ചു. കഠിന വേദനയിൽ പുളയുമ്പോഴും അവർ ദൈവത്തെ സ്തുതിച്ചു കൊണ്ടിരുന്നു.

ഈ പീഢനങ്ങൾക്ക് ശേഷം വിശുദ്ധരെ ഇടുങ്ങിയ ജയിലറയിൽ ഇട്ട് അടച്ചു. അവിടെയും അവർ പീഢനങ്ങൾക്ക് വിധേയരായി. തന്റെ പീഢനങ്ങൾക്കൊന്നും അവരെ ദൈവസ്നേഹത്തിൽ നിന്നും വേർപെടുത്താനാവില്ല എന്ന് മനസ്സിലാക്കിയ ഭരണാധികാരി ശിരഛേദം ചെയ്യുവാൻ ഉത്തരവായി. അതിൻ പ്രകാരം 306 തുലാം 15-ാം തിയതി വി. ഗൗരിയോയേയും, വി. ശമൂനോയേയും വാളുകൊണ്ട് വെട്ടി കൊലപ്പെടുത്തി. വാർദ്ധക്യത്തിൽ ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് ഈ വിശുദ്ധൻ രക്തസാക്ഷിത്വത്തിന്റെ മകുടം ചൂടി. സഭ നവംബർ 15ന് ഇവരുടെ ഓർമ്മ കൊണ്ടാടുന്നു.

*Compiled by Fr. Greger R. Kollanoor, Palakkal.*
*E-mail:gregerpalakkal@yahoo.co.in*